## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 100.

26.09.2016 - ൽ
മറുപടിയ്ക്ക്

### കേരളാ പോലീസിന്റെ പിങ്ക് പട്രോൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ സ്ത്രീ സുരക്ഷയ്ക്കായി കേരളാ പോലീസിൻെറ പിങ്ക് പട്രോൾ എന്നാണ് നിലവിൽ വന്നത്; വിശദമാക്കുമോ ; | (എ) | പിങ്ക് പട്രോൾ സംവിധാനം 15.08.2016 മുതൽ തിരുവനന്തപുരം സിറ്റിയിൽ നിലവിൽ വന്നു. പിങ്ക് പോലീസ് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേയ്ക്ക് വിളിക്കാവുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര വനിതാ പോലീസ് ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളത്; ഏതൊക്കെ തസ്തികകളിലാണെന്ന് വിശദമാക്കുമോ ; | (ബി) | കമാണ്ടർ (വനിതാ പോലീസ് ഓഫീസർ) - 6,<br>ഡ്യൂട്ടി പേഴ്സൺ - 12,<br>ഡ്രൈവർ - 9,<br>പിങ്ക് കൺട്രോൾ റൂം ഡ്യൂട്ടി - 4,<br>എന്നിവർ ഉൾപ്പെടെ ആകെ<br>വനിതാ പോലീസുദ്യോഗസ്ഥർ - 31. |
| (സി) കേരളത്തിൽ ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ ; | (സി) | നിലവിൽ തിരുവനന്തപുരം സിറ്റിയിൽ പിങ്ക് പോലീസ് പട്രോൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) കേരളത്തിലെ മുഴുവൻ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ ; | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഇ) പ്രസ്തുത പദ്ധതി നിലവിൽ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | തിരുവനന്തപുരം സിറ്റിയിൽ പിങ്ക് പട്രോൾ പദ്ധതി നടപ്പാക്കിയതിനു ശേഷം സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

Rajani.M

സെക്ഷൻ ഓഫീസർ